## കണ്ണൂർ സർവ്വകലാശാല

(അക്കാദമിക് ബ്രാഞ്ച്)

No. Acad.D2/2805/2017 Dated, Civil Station (P.O) : 17.07.2017

### പ്രസിദ്ധീകരണത്തിന്

**SC/ST വിഭാഗങ്ങളുടെ പ്രവേശനം**

ജൂലൈ 15 ാം തീയ്യതി കണ്ണൂർ സർവ്വകലാശാലയുടെ താവക്കര കാമ്പസിൽ വെച്ച് നടന്ന എസ്.സി/എസ്.ടി വിഭാഗങ്ങൾക്കുള്ള സ്പോട്ട് അഡ്മിഷനിൽ അലോട്ട്മെന്റ് മെമ്മോ ലഭിച്ചവർ ജൂലൈ 18,19 തീയ്യതികളിൽ അതാത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. ബ്രണ്ണൻ കോളേജിൽ അലോട്ട്മെന്റ് ലഭിച്ചവർ ജൂലൈ 20 ാം തീയതി പ്രവേശനം നേടേണ്ടതാണ്.

**മറ്റ് വിഭാഗങ്ങളുടെ സ്പോട്ട് അഡ്മിഷൻ**

മറ്റ് വിഭാഗങ്ങളുടെ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് ജൂലൈ 18 ാം തീയ്യതി മുതൽ ജൂലൈ 20 ാം തീയ്യതി രാവിലെ 11 മണിവരെ അതാത് കോളേജുകളിൽ സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കാനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. (ബ്രണ്ണൻ കോളേജിൽ ജൂലൈ 20ാം തീയ്യതി മാത്രം). സേ പരീക്ഷ എഴുതിയവർക്കും വിവിധ കാരണങ്ങളാൽ CAP ൽ നിന്നും പുറത്തായവർക്കും സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാം. ഓൺലൈനായി രജിസ്റ്റർ ചെയ്തവരുടെ അഭാവത്തിൽ രജിസ്റ്റർ ചെയ്യാത്തവരെയും പരിഗണിക്കുന്നതാണ്. സർവ്വകലാശാല നൽകുന്ന റാങ്ക്ലിസ്റ്റ് മാനദണ്ഡമാക്കി, ഓരോ കോളേജിലും ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ഇൻഡക്സ് മാർക്കിന്റെയും കാറ്റഗറിയുടെയും അടിസ്ഥാനത്തിൽ കോളേജുകൾ ജൂലൈ 20 ാം തീയ്യതി ഉച്ചയ്ക്ക് 2 മണിക്ക് റാങ്ക്ലിസ്റ്റ് തയ്യാറാക്കി പ്രദർശിപ്പിക്കുന്നതാണ്.

ഈ റാങ്ക് ലിസ്റ്റിലുൾപ്പെട്ടവർക്ക് ജൂലൈ 20 ാം തീയ്യതി ഉച്ച മുതൽ 22 ാം തീയ്യതി വൈകുന്നേരം 5 മണി വരെ പ്രവേശനം നേടാവുന്നതാണ്.

ഇതിനുശേഷവും ജൂലൈ 24,25 തീയ്യതികളിൽ അൺഎയ്ഡഡ് കോളേജുകളിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. ഓരോ ദിവസവും 11 മണി വരെ ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് റാങ്ക് ലിസ്റ്റ് തയ്യാറാക്കി അന്ന് തന്നെ പ്രവേശനം നൽകുന്നതാണ്. ജൂലൈ 25 ന് പ്രവേശന നടപടികൾ അവസാനിക്കുന്നതാണ്.

ഒപ്പ്/-

**അക്കാദമിക് കോ ഓർഡിനേറ്റർ**